കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ട്

* 218. (864) ശ്രീ. പി. ഗംഗാധരൻ
,, സി. കെ. ബാലകൃഷ്ണൻ
,, വി. വി. കുഞ്ഞാമ്പു
,, ഇ. കെ. ഇമ്പിച്ചിബാവ
,, എ. എസ്സ്. പുരുഷോത്തമൻ
,, എ. പി. കുര്യൻ
,, സി. ഗോവിന്ദപ്പണിക്കർ
,, എ. എസ്. എൻ. നമ്പീശൻ
,, വി. വി. ദക്ഷിണാമൂർത്തി
,, ഇ. ബാലാനന്ദൻ
,, വി. കൃഷ്ണദാസ്
,, ടി. കെ. രാമകൃഷ്ണൻ
,, എം. കെ. എ. ഹമീദ്
,, പി. കെ. കുഞ്ഞച്ചൻ
,, എ. വി. ആര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ടിന്റെ അണക്കെട്ടു നിർമ്മാണം പുനരാരംഭിച്ചു കഴിഞ്ഞുവോ;

(ബി) ഇതിൽ എന്തു പുരോഗതി ഉണ്ടായി എന്നു വ്യക്തമാക്കാമോ;

(സി) കുറ്റ്യാടി എച്ച്. ഇ. പ്രോജക്ടിൽനിന്നും എപ്പോൾ വിദ്യുച്ഛക്തി ഉൽപ്പാദനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) പുനരാരംഭിച്ചുകഴിഞ്ഞു.

(ബി) ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനമനുസരിച്ച് ഈ പ്രോജക്ടിന്റെ ബാക്കി ജോലികളും പല ബ്ലോക്കുകളായി തിരിച്ചു ബോർഡിന്റെ ചുമതലയിൽ നടത്തുവാനുള്ള ഏർപ്പാടുകളെല്ലാം പൂർത്തിയാകുകയും 1969 ആഗസ്റ്റിൽ ജോലി പുനരാരംഭിക്കുകയും ചെയ്തു. ഒരു ബ്ലോക്കിന്റെ കൽപ്പണി 1970 ഫെബ്രുവരിമാസത്തിൽ ആരംഭിച്ചു. 45000 ക്യൂബിക് അടിയോളം ജോലികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. ആവശ്യമായ പ്രാരംഭജോലികൾക്കുശേഷം നദീതടബ്ലോക്ക് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന ബ്ലോക്കുകളുടെ ജോലി ആരംഭിക്കുന്നതിനു വേണ്ട നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) 1971 ആരംഭത്തോടെ അതിന്റെ ഒന്നാമത്തെ യൂണിറ്റ് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ഗംഗാധരൻ: സർ, ഈ പദ്ധതി -എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമായി പറയുവാൻ കഴിയുമോ?

ശ്രീ. സി. അച്യുതമേനോൻ: അതാണ് 'സി' ക്ക് ഉത്തരമായി പറഞ്ഞത് 1971 ആരംഭത്തോടുകൂടി ഇതിന്റെ ഒന്നാമത്തെ യൂണിറ്റ് പ്രവർത്തിക്കുവാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കുറ്റിയാടി പ്രോജക്ടിന്റെ പണിയിൽ ക്രമക്കേടുണ്ടെന്ന് 16 യൂണിയനുകളും മെമ്മോറാണ്ടം നൽകിയിരുന്നില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: ഇല്ല. ഉള്ളതായിട്ട് എനിക്ക് അറിവില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കാൺട്രീറ്റ് മിക്സിംഗിൽ സിമന്റിന്റെയും മണലിന്റെയും അനുപാതം ശരിയായതോതിൽ അല്ല, അതുകൊണ്ട് തകരാറുണ്ടാകുമെന്ന് മനസ്സിലാക്കി അവിടെ വർക്കുചെയ്തിരുന്ന തൊഴിലാളികൾ പണിമുടക്കുകയും പണി നിറുത്തി വയ്ക്കണമെന്ന് ഗവർമെണ്ടിന് മെമ്മോറാണ്ടം തരുകയും ചെയ്തിട്ടില്ലെ?

ശ്രീ. സി. അച്യുതമേനോൻ: യാതൊരു നിവേദനവും കിട്ടിയിട്ടില്ല.

ശ്രീ. വി. വി. കുഞ്ഞമ്പു: കുറിയാടി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടറ് എപ്പോഴാണ് തുടങ്ങിയിട്ടുള്ളത്? അതിന്റെ പ്രവർത്തനം മന്ദഗതിയിൽമാത്രം നീങ്ങികൊണ്ടിരിക്കുന്നു, അതിന്റെ പ്രവർത്തനം ജാഗ്രതയായി നീങ്ങാത്തതിന്റെ കാരണമെന്താണ്?

ശ്രീ. സി. അച്യുതമേനോൻ: അണക്കെട്ടിന്റെ പണിക്ക് കാൺട്രാക്ട് കൊടുത്തത് 2-3-67-ൽ ആണ്. അന്ന് തീരുമാനിച്ചിരുന്നത് 1967 മേയ് മാസം പണി ആരംഭിക്കണമെന്നായിരുന്നു. അങ്ങനെ ഉണ്ടായില്ല. അതിന് പല തടസ്സങ്ങളും വന്നു. കൺട്രാക്ടർ പറഞ്ഞത് ആക്സസ് റോഡിന്റെ പണി പൂർത്തിയായിട്ടില്ലെന്നാണ്. 1964-65 ലേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നു പറഞ്ഞു. റോഡ് പൂർത്തിയാകുന്നതിന് കുറെ താമസം വന്നു. രണ്ടാമത് കോൺട്രാക്ട് 1967 ജൂലൈമാസത്തിൽ ഒപ്പു വച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1969-ൽ പൂർത്തിയാകണമെന്ന് പറഞ്ഞു. പക്ഷെ പിന്നീടും കാൺട്രാക്ടർ ശരിയായിട്ട് പണി നടത്തിയില്ല. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ വിളിച്ച് പണി നടത്തുവാൻ സാധ്യമല്ലെന്നുള്ള തീരുമാനത്തിൽ അദ്ദേഹത്തിന് നോട്ടീസ് കൊടുത്തു കൺട്രാക്ട് അവസാനിപ്പിച്ചു. അതിനുമുമ്പുതന്നെ 68 ജൂണിൽ ഏകപക്ഷീയമായിട്ട് കൺട്രാക്ടർ പണി നിറുത്തുകയാണുണ്ടായത്. ആ പരിതഃസ്ഥിതിയിൽ രണ്ടാമത് ടെൻഡർ വിളിച്ചു. ആകെ ഒരാൾ മാത്രമേ മുന്നോട്ടു വന്നുള്ളു. വന്നയാൾ ഉയർന്ന തുക ആവശ്യപ്പെട്ടു. ആ പരിതഃസ്ഥിതിയിൽ ആ തുക അനുവദിച്ചുകൊടുത്തു പണി ചെയ്യാൻ നിവൃത്തിയില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ബ്ലോക്കുകളായി തിരിച്ച് നേരിട്ട് വർക്കു ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തുവരികയാണ്.

ശ്രീ. എ. പി. കുര്യൻ: ഈ കൺട്രാക്ടർ തക്ക സമയത്ത് ജോലി പൂർത്തിയാക്കാത്തതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതേപ്പറ്റി നടപടി നടന്നുകൊണ്ടിരിക്കുകയാണ്. കൺട്രാക്ടർ ബോർഡിനെതിരായിട്ടും കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ബോർഡിൽ ഇരിക്കുകയാണ്. അവസാനമായ തീരുമാനമെടുത്തിട്ടില്ല. പല കേസുകളും കോടതിയിലും കിടക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ അണക്കെട്ടിന്റെ പ്രാരംഭ എസ്റ്റിമേറ്റ് എത്രയായിരുന്നു? എത്ര രൂപ കൺട്രാക്ടർക്കു കൂട്ടി കൊടുക്കുവാൻ തീരുമാനിച്ചു? ഇപ്പോൾ എന്തു തുക വേണ്ടിവരും?

ശ്രീ. സി. അച്യുതമേനോൻ: അതേപ്പറ്റി പൂർണ്ണമായ വിവരം എന്റെ കൈയിൽ ഇല്ല. എത്ര തുക കൺട്രാക്ടർക്ക് കൂട്ടി കൊടുക്കുവാൻ ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിച്ചുവെന്ന പ്രശ്നം ഉദിക്കുന്നില്ല. കാരണം കൺട്രാക്ടർ ഒഴിവാക്കിയിരിക്കുകയാണ്. രണ്ടാമത് കൺട്രാക്ടർ പറഞ്ഞതുക കൂടിപ്പോയി എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിച്ചില്ല. അതുകൊണ്ടാണ് നേരിട്ടു നടത്താൻ തീരുമാനിച്ചത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ പ്രോജക്ടിന്റെ പ്രവർത്തനത്തിൽ കാലതാമസം വന്നതുകാരണം പുതുക്കിയ എസ്റ്റിമേറ്റുപ്രകാരവും, അതുപോലെതന്നെ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുള്ള കാലതാമസം കൊണ്ടും എത്ര നഷ്ടം ഇലക്ട്രിസിറ്റിബോർഡിന് ഉണ്ടെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: വളരെ നഷ്ടമുണ്ടായിട്ടുണ്ട്. വ്യക്തമായ കണക്ക് ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. വിവരം ശേഖരിച്ചു പറയാം. നമ്മുടെ സംസ്ഥാനത്തിനു രണ്ടു കാരണത്താലും വളരെയധികം നഷ്ടം ഉണ്ടായിട്ടുണ്ട്.

ശ്രീ. വി. കൃഷ്ണദാസ്: ലൈൻ നീട്ടുന്ന ഘട്ടങ്ങളിൽ മൂവുടമകൾക്കു പ്രതിഫലം കിട്ടുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ചോദ്യമേ ഉദിക്കുന്നില്ല. ലാൻഡ് അക്വിസിഷൻ സംബന്ധിച്ചും മാറിവിടുമ്പോഴും കൊടുക്കുന്ന കാംപെൻസേഷനെ സംബന്ധിച്ചു പരാതി ഉണ്ടായിട്ടുണ്ട്. അതൊക്കെ പരിഹരിക്കുന്നതിന് എന്തു നടപടിയെടുക്കാമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നഷ്ടത്തിന് ഉത്തരവാദിയാരാണ്? അയാളുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല; കൺട്രാക്ടറുടെ വാദം ബോർഡാണുത്തരവാദിയെന്നാണ്. കോടതിയിലും ബോർഡു മുൻപാകെയും അങ്ങനെയാണ് കൺട്രാക്ടർ വാദിക്കുന്നത്. ബോർഡ് അതു സ്വീകരിച്ചിട്ടില്ല. നഷ്ടത്തിനുത്തരവാദി പൂർണ്ണമായും കൺട്രാക്ടറാണെന്നാണ് ബോർഡ് പറയുന്നത്. ഈ പ്രശ്നം കോടതിക്കുവിടുകയോ. ലാ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിത്വം ഫിക്സുചെയ്യുകയോ ചെയ്യും. അങ്ങനെ ഫിക്സുചെയ്യുന്നതു സ്വീകാര്യമല്ലെങ്കിൽ കോടതിമുൻപാകെയോ ആർബിട്രേഷൻ മുഖേനയോ തീരുമാനിക്കാം.

ശ്രീ. എം. കെ. എ. ഹമീദ്: പൗവ്വർഹൗസിന്റെ പണി തീർന്നോ? എന്നു തീർന്നു? പൗവ്വർഹൗസു പൂർത്തിയായശേഷം ഉൽപ്പാദനംനടത്താൻ കഴിയാത്തതുകൊണ്ട് പലിശയിനത്തിൽ എന്തു ചെലവാകുന്നുണ്ട്?

ശ്രീ. സി. അച്യുതമേനോൻ: വിശദവിവരങ്ങൾ എന്റെ കൈവശമില്ല ശേഖരിച്ചു തരാനേ സാധ്യമാകൂ.

ശ്രീ. എം. കെ. എ. ഹമീദ്: കൺട്രാക്ടറെക്കൊണ്ട് പണി നടത്താൻ സാധിക്കാത്ത പരിതഃസ്ഥിതിയിൽ ഇലക്ട്രിസിറ്റിബോർഡ് നേരിട്ടു ഏറ്റെടുത്തുനടത്താൻ തീരുമാനമെടുത്തുവെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെ നേരിട്ടു ഏറ്റെടുത്തുനടത്താൻ ഇലക്ട്രിസിറ്റിബോർഡിനു സാധിക്കുമെങ്കിൽ മറ്റു പ്രോജക്റ്റുകളുടെ പണിയും സാധ്യമാകേണ്ടതാണ്. അങ്ങനെ എല്ലാ പണിയും ഏറ്റെടുക്കാൻ ബോർഡ് തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: ഇതു വിപുലവും നയസംബന്ധവുമായ ഒരു പ്രശ്നമാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഹാൻഡായി പറയാൻസാധിക്കുകയില്ല. [സാങ്കേതികമായ എല്ലാ ജോലികളും ഏറെറടുക്കാൻ തക്ക ഉപകരണങ്ങളും വൈദഗ്ദ്ധ്യവും ബോർഡിന്റെ കൈവശമില്ല. ഇതു പരിഹരിക്കാൻ സാധിക്കുമോ; എത്രവേഗം പരിഹരിക്കാൻ സാധിക്കും എന്നുള്ള അറിവ് എനിക്ക് ഇപ്പോഴില്ല; ഉന്നതനിലവാരത്തിൽ ഗൗരവപൂർവ്വം ആലോചിക്കേണ്ട ഒരു പ്രശ്നവുമാണ്.

ശ്രീ. വി. വി. കുഞ്ഞമ്പു: കൺസ്ട്രക്ഷൻ കാർപ്പറേഷൻ ആരംഭിക്കാനുദ്ദേശമുണ്ടെന്നു പറഞ്ഞിരുന്നു. കുറിയാടി കല്ലട ഡാമുകളുടെ പണി കൺസ്ട്രക്ഷൻ കാർപ്പറേഷനെ ഏൽപ്പിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: കൺസ്ട്രക്ഷൻ കാർപ്പറേഷൻ വേണമെന്ന് അഭിപ്രായമുണ്ടായിരുന്നു. ഇതു ഉണ്ടായിട്ടില്ല; ഇതിന്റെയെല്ലാം വെളിച്ചത്തിൽ അംഗീകരിക്കാമോ എന്നു പരിശോധിച്ചുനോക്കിയാലേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. എസ്. നമ്പൂതിരി: പദ്ധതി ഗവൺമെന്റ് നേരിട്ടു നടത്തിയതിനെപ്പറ്റി പറഞ്ഞു; പെരിങ്ങൽക്കുത്തു ഹൈഡ്രോ ഇലക്ട്രിക് സ്കീം ഡിപ്പാർട്ടുമെന്റ് നേരിട്ടു നടത്താൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഈ ചോദ്യത്തിൽ എനിക്കാക്ഷേപമുണ്ട്. അങ്ങ് ഒരു റൂളിംഗ് നൽകിയതാണ്; ഈ ചോദ്യത്തിൽനിന്നുദിക്കുന്ന ചോദ്യങ്ങളും മാത്രമേ ചോദിക്കാവൂ എന്ന്.

ശ്രീ. പി. എസ്. നമ്പൂതിരി: ഈ ചോദ്യത്തിൽനിന്നുദിക്കുന്നതുതന്നെയാണ് ഞാൻ ചോദിച്ച ചോദ്യം. പെരിങ്ങൽക്കുത്തു പദ്ധതി ഗവൺമെന്റ് ഏറെറടുത്തു നടത്താമോ എന്നാണ് ചോദ്യം. മറുവിധത്തിലുള്ള പണികളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ ലാഭകരമായി ഗവൺമെന്റിനു നടത്താൻ സാധിക്കും.

മി. സ്പീക്കർ: ഒരു ബഹുമാനപ്പെട്ട മെംബർക്ക് ചോദ്യം ഒബ്ജക്റ്റു ചെയ്യേണ്ടകാര്യമില്ല.

ശ്രീ. സി. അച്യുതമേനോൻ: പരിശോധിച്ചേ പറയാൻ കഴിയൂ.

ശ്രീ. ബി. മാധവൻനായർ: കുറിയാടി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റിന്റെ ടണൽ വർക്കിന്റെ പണി കഴിയുകയും പൗവ്വർഹൗസിന്റെ പണി പൂർത്തിയാകുകയുംചെയ്യുന്ന അവസരത്തിൽ അണക്കെട്ടിന്റെ പണി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യം ഉണ്ടാക്കിയത് ഇലക്ട്രിസിറ്റി ബോർഡിന്റെ സിവിൽ എൻജിനീയറിംഗ് വകുപ്പാണോ; ഇതിനു സ്പെഷ്യൽ വിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; ആ വിംഗ് ഏതു കാലയളവിനുള്ളിൽ പൂർത്തിയാകുമെന്നു കരുതിയിരുന്നു; ബോർഡും എൻജിനീയറിംഗ് വകുപ്പും ചർച്ചകൾ നടത്തി തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ചോദ്യങ്ങൾക്കുമുഴുവൻ ഉത്തരം തരാനുള്ള വിവരം കൈവശമില്ല. ലേബർ സപ്ലൈ എഫ്ജൻസികൾ മുഖാന്തിരവും ബ്ലോക്കായി തിരിച്ചും പണി നടത്താൻ ഏർപ്പാടുചെയ്തിട്ടുണ്ടെന്നാണ് ഇവിടെ കിട്ടിയിട്ടുള്ള വിവരം.

ശ്രീ. ബി. മാധവൻനായർ: പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ മുൻപാകെ ഈ പ്രശ്നം പരിഗണനയ്ക്കുവന്ന അവസരത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഈ ജോലിസംബന്ധിച്ച് ഇലക്ട്രിസിറ്റിബോർഡ് സിവിൽ എൻജിനീയറിംഗ് വകുപ്പു കുറ്റകരമായ അനാസ്ഥ കാണിക്കുകയും, ഈ വർക്ക്, ഡിപ്പാർട്ടുമെൻറ് തൊഴിലില്ലാതെവരുന്ന എൻജിനീയർമാർക്കു തൊഴിൽകൊടുക്കാൻവേണ്ടി താമസിപ്പിക്കുകയുംചെയ്തുകൊണ്ട് നീണ്ടുപോയതെന്ന് ആക്ഷേപമുണ്ടായി. ഈ വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ആ റിപ്പോർട്ട് ഞാൻ കണ്ടില്ല. കൺട്രാക്ടർ അങ്ങനെയൊരാക്ഷേപം ഗവൺമെൻറുമുൻപാകെ ഉന്നയിച്ചിട്ടുണ്ട്. ഈ പറയുന്ന റിപ്പോർട്ടു ഞാൻ നോക്കിയിട്ടില്ലാത്തതുകൊണ്ട് അഭിപ്രായം പറയാൻസാധിക്കുകയില്ല.

ശ്രീ. വി. കൃഷ്ണദാസ്: ബോർഡു നേരിട്ടു നടത്തുമെന്നു പറഞ്ഞു, അങ്ങനെ നടത്തിയാൽ നിശ്ചിത തീയതിക്കകം പൂർത്തിയാകുമെന്നു വിശ്വസിക്കുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നിശ്ചിത തീയതിതന്നെ പലപ്പോഴും മാറ്റിയിട്ടുണ്ട്. ആദ്യം 1969–70–ൽ പൂർത്തിയാക്കാമെന്നു തീരുമാനിച്ചു. പിന്നീടു 1971–ൽ പൂർത്തിയാക്കാമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: 1967–ൽ പൂർത്തിയാക്കേണ്ട ജോലി പൂർത്തിയാകാഞ്ഞത് കൺട്രാക്ടർ തന്റെ പങ്കു നിർവഹിക്കാത്തതുകൊണ്ടാണെങ്കിൽ 1967 കഴിഞ്ഞു പുന:പരിശോധന നടത്തുന്ന അവസരത്തിൽ ആ കൺട്രാക്ടറെ മാറ്റാതിരിക്കാൻ കാരണമെന്താണ്? കൺട്രാക്ടറുടെ കുറ്റം കൊണ്ടാണോ പണി ദീർഘിച്ചുപോയതെന്നു നിഷ്പക്ഷമായി ഒരന്വേഷണം നടത്താമോ?

ശ്രീ. സി. അച്യുതമേനോൻ: അന്വേഷണം നടത്തേണ്ടയാവശ്യമില്ല. ആ കൺട്രാക്ടറെ ഒഴിവാക്കി. പണി തീരുന്നില്ല എന്നുകണ്ട് നോട്ടീസു കൊടുത്ത് ഒഴിവാക്കി. അതിനെ കോടതിയിൽ ചോദ്യംചെയ്തിരിക്കുകയാണ്. നഷ്ടംതരാൻ ഉത്തരവാദി കൺട്രാക്ടറാണെന്നുള്ള വിധത്തിലാണ് പ്രോസീഡു ചെയ്യുന്നത്. അതേസമയം കൗണ്ടർ കേസ് കൊടുക്കുകയും ചെയ്തു.

ശ്രീ. കെ. കരുണാകരൻ: കൺട്രാക്ടറുടെ പ്രശ്നമല്ലാതെ വേറെ പ്രശ്നം ഈ സഭയിലുന്നയിക്കപ്പെട്ടിട്ടുണ്ട്. ജോലി നടക്കുന്ന അവസരത്തിൽ പരിരക്ഷ വേണമെന്നാവശ്യപ്പെട്ടിട്ട് പരിരക്ഷ നൽകേണ്ട ഡിപ്പാർട്ടുമെൻറിന്റെ സഹകരണം കിട്ടാത്തതുകൊണ്ട് ജോലി തടസ്സപ്പെട്ടതായി ആക്ഷേപമുന്നയിക്കപ്പെട്ടിട്ടുണ്ട്. കൺട്രാക്ടറുടെ കുറ്റംകൊണ്ടല്ല, ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം പ്രവർത്തനം നീണ്ടുപോകാൻ ഇടയുണ്ടായിട്ടുണ്ടോ അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പരാതി കിട്ടിയിട്ടുണ്ട്. ഈ ഗവൺമെൻറ് ചാർജെടുത്തശേഷം ആവശ്യമായ നടപടികളും സത്വരമായി ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഡിപ്പാർട്ടുമെൻറ് നേരിട്ട് ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചശേഷം കൺട്രാക്ടറുടെ ആളുകളുടെ തടസ്സം നിമിത്തം പ്രവർത്തനങ്ങൾ തുടരാൻസാധിക്കാതെവന്നപ്പോൾ പോലീസ് സഹായം കിട്ടാത്തതുകൊണ്ട് എത്ര ദിവസം കാലതാമസം വന്നു?

ശ്രീ. സി. അച്യുതമേനോൻ: എത്ര ദിവസമെന്നു കൃത്യമായി പറയാൻസാധിക്കുകയില്ല, ദിവസമല്ല മാസങ്ങളോളം കാലതാമസം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: പൗവ്വർഹൗസിൽ ജനറേറ്റർ സ്ഥാപിച്ചു പ്രവർത്തിക്കുകയും പാർഷ്യൽ ആയി സ്റ്റേറ്റാറേജ് ഉണ്ടാക്കുകയുമാണെങ്കിൽ എത്ര കാലതാമസം വരും?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെംബർ പറയുന്ന രീതിയിലാണു ശ്രമിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: പോലീസ്സഹായം കിട്ടാത്തതുകൊണ്ട് പണി മാസങ്ങളോളം നീണ്ടുപോയി എന്നു പറഞ്ഞു. ഇങ്ങനെ ചോദിച്ച സഹായം കൊടുക്കാതിരുന്നിട്ടുള്ളത് എന്തു കാരണവശാലാണ്? അന്വേഷിച്ചു നടപടിയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അന്വേഷിക്കണമെന്നില്ല, എനിക്കു മനസ്സിലാക്കാൻസാധിച്ചിടത്തോളം ഉദ്യോഗസ്ഥൻമാരുടെ കുറ്റംകൊണ്ടുണ്ടായതല്ല, അവർക്കു കിട്ടിയ നിർദ്ദേശങ്ങളം നിമിത്തമാണ്. ആ നിർദ്ദേശങ്ങളം മാറ്റിക്കൊടുത്തപ്പോളം തടസ്സം നീങ്ങുകയും ചെയ്തു.

അണക്കെട്ടുകളുടെ പണി

219. (865) ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ)
,, സി. കെ. ബാലകൃഷ്ണൻ
,, പി. പി. കൃഷ്ണൻ
,, എം. സദാശിവൻ
,, കെ. ഐ. രാജൻ
,, വി. കൃഷ്ണദാസ്
,, എൻ. വാസുദേവൻപിള്ള
,, എ. പി. കുര്യൻ
,, മുസ്തഫാകമാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ജനുവരി 7—ാം തീയതി മുതൽ രണ്ടാഴ്ചക്കാലം, ഇടുക്കി, ചെറുതോണി അണക്കെട്ടുകളുടെ പണി നിർത്തിവയ്ക്കുവാൻ ബന്ധപ്പെട്ട അധികാരികളം നിർബന്ധിതരായോ;

(ബി) എങ്കിൽ നിർത്തിവെയ്ക്കുവാനുള്ള കാരണമെന്ത്;

(സി) നിർത്തിവച്ച പണി എന്നു മുതൽ പുനരാരംഭിച്ചു;

(ഡി) പണി പുനരാരംഭിക്കുന്നതിനെപ്പറ്റി ചീഫ് എൻജിനിയർ നൽകിയ നിർദ്ദേശങ്ങളം വിശദമാക്കാമോ;

(ഇ) ചീഫ് എൻജിനീയറുടെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടാണ് പണി പുനരാരംഭിച്ചതെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അക്കാരണത്താൽ ഗവൺമെൻറിന് ഒരു കോടിയോളം രൂപ നഷ്ടം വന്നിട്ടുണ്ടെന്നറിയുന്നതു ശരിയാണോ;

(ജി) സിവിൽ ചീഫ് എൻജിനീയർ ശ്രീ. കെ. വി. കൊച്ചുനിയനെ ഈ പദ്ധതികളുടെ ചുമതലകളിൽനിന്നും ഒഴിവാക്കുകയുണ്ടായോ;

(എച്ച്) പകരം നിയമിതനായ ബോർഡിലെ അഡീഷണൽ ചീഫ് എൻജിനിയർ ശ്രീ. കെ. ശ്യാമറാവു, കമ്പനി ജനറൽ മാനേജർ, നാഗഭൂഷണറാവുവിന്റെ ബന്ധുവാണ് എന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly